# പള്ളികഥകൾ

## മിനികഥകൾ    അന്ത്തിഗന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ ഇപ്പോൾ പറയാൻ പോകുന്ന കഥ എല്ലാവരും തീർച്ചയായും വായിച്ചിരിക്കേണ്ടതാണ്. അമേരിക്കയിലെ ഒരു പള്ളിയിൽ നടന്ന കഥയാണെന്നാണ് പറഞ്ഞത്.

## മോഹഭംഗം

"ഈപ്പച്ചാ മെത്രാച്ചൻ വരുമ്പോൾ ഒരു ദിവസം നിങ്ങളുടെ വീട്ടിലാണ് ഭക്ഷണം. അത്എപ്പോഴാണെന്ന് അറിയിക്കണം." വികാരിയച്ചൻ ഇടവകയിലെ ഒരംഗത്തോട് പറഞ്ഞതാണ്.

"ശനിയാഴ്ച രാത്രിയിലായിക്കോട്ട്."

തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വെരെ അയാൾക്കും ഭാര്യ രമണിക്കും ജോലിയാണ്. ആകെ കൂടെ ശനിയാഴ്ചയും ഞായറാഴ്ചയും രണ്ടു ദിവസമാണ് ആഴ്ചയിൽ അവധി ദിവസങ്ങളായിട്ട് കിട്ടുന്നത്. സാധാരണ എല്ലാ ശനിയാഴ്ചയും അവരുടെ ക്ലീനിംഗ് ദിവസമാണ്. ഈപ്പനും രമണിയും രണ്ടു പെൺമക്കളും മടങ്ങുന്നതാണ് ആ കുടുംബം. എപ്പാർട്ടുമെന്റു വാടകയും മറ്റു ചിലവുകളും കഴിഞ്ഞാൽ കഷ്ടിച്ച് കഴിയാനുള്ള വരുമാനമേ അവർക്കുള്ളു. ആ പള്ളിയിലെ വളരെ കുടുംബങ്ങളുടെ കഥയും ഇതു തന്നെ.

ഏകദേശം പത്തു വർഷങ്ങൾക്കു മുമ്പ് ഈപ്പനും ഭാര്യ രമണിയും കൂടെ അമേരിക്കയിൽ അയാളുടെ സഹോദരി പേപ്പറുകൾ ശരിയാക്കിയതുമൂലമാണ് അവർ കഷ്ടപ്പെട്ട് എത്തിയത്. അന്ന് പന്ത്രണ്ടും പത്തും വയസ്സുള്ള രണ്ടു പെൺമക്കളുമായി അവർ എത്തിച്ചേർന്നതാണ്. അവരുടെ വിമാന ടിക്കറ്റിനുള്ള പണം പോലും അവർക്കില്ലായിരുന്നു. അയാളുടെ പെങ്ങളുടെ കയ്യിലും ഇല്ലായിരുന്നെങ്കിലും അവർ പലരോടും കടം വാങ്ങി കാര്യങ്ങൾ എല്ലാം ശരിയാക്കിയതാണ്. അവർ ഇവിടെ വന്ന് ജോലി ചെയ്ത് മടക്കി കൊടുക്കാമെന്നുള്ള കരാറിൽ. പെങ്ങൾക്കും മക്കളും കുടുംബവും ഭാരിച്ച ചിലവുകളുമെല്ലാമുണ്ട്. പെങ്ങളുടെ കൂടെ കുറേ താമസിച്ചപ്പോഴാണ് അറിയുന്നത് അവിടെ അവർക്ക് ജോലി കിട്ടാൻ സാദ്ധ്യതയില്ലെന്ന്. അയാളുടെ കൂടെ ഒന്നിച്ച് ബോംബെയിൽ ജോലി ചെയ്തിരുന്ന ആൾ താമസിക്കുന്നിടത്ത് ചെന്നാൽ മിക്കവാറും ജോലി കിട്ടാൻ സാദ്ധ്യതയുണ്ടെന്നറിഞ്ഞാണ് അവർ ഇങ്ങോട്ട് പോന്നത്. അവർ ഭാര്യാ ഭർത്താക്കന്മാർക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസമല്ലാതെ മറ്റൊന്നുമില്ല വിദ്യാഭ്യാസമായിട്ട്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ ഉടനെ ഒരു സുഹൃത്തിന്റെ വാക്കു കേട്ട് അയാൾ ബോംബെയ്ക്ക് വണ്ടി കയറിയതാണ്. എന്നാൽ ആ സുഹൃത്തിന് ഒരു ജോലി വാങ്ങികൊടുക്കാൻ കഴിഞ്ഞില്ല. അയാളുടെ വേറൊരു സുഹൃത്തു മുഖേനയാണ് അയാൾക്ക് ഒരു ജോലി തരമായത്. അന്ന് അയാളുടെ കൂടെ ജോലി ചെയ്ത രമണി ഈ സുഹൃത്തിന്റെ സ്വന്തം പെങ്ങളാണ്. ആ സ്നേഹവും കടപ്പാടും മൂലം രമണിയും ഈപ്പനും തമ്മിൽ പരിചയത്തിലായി. അക്കാലങ്ങളിൽ സാധാരണ ഉച്ച ഭക്ഷണ സമയം ഈപ്പന് ഒന്നും കഴിക്കാനില്ലായിരുന്നു. അതു മനസ്സിലാക്കിയ രമണി അയാൾക്കും കൂടെ ഉച്ച ഭക്ഷണം കരുതി കൊണ്ടു വരാൻ തുടങ്ങി. ആദ്യമാദ്യം വേണ്ടായെന്നു പറഞ്ഞിട്ടും വിശപ്പു മൂലം അത് കഴിക്കാൻ നിബന്ധിതനായി. വെളുപ്പാൻ കാലത്ത് അവൾ എഴുന്നേറ്റ് ഉണ്ടാക്കുന്ന ഭക്ഷണമാണ് അയാൾക്കും കൂടെ കൊണ്ടു വന്നത്. അതിൽ നിന്നും അവൾ കഠിന പ്രയത്നക്കാരിയാണെന്ന് അയൾക്ക് ബോദ്ധ്യപ്പെട്ടു. അല്ലെങ്കിൽ അവളെ കണ്ട് പ്രണയിക്കതക്ക സൗന്ദര്യം അവൾക്കില്ലായിരുന്നു. അതൊരു പ്രണയമാണെന്ന് അവർക്ക് രണ്ടു പേർക്കും അറിയത്തില്ലായിരുന്നു. നിത്യേനയുള്ള ഇടപെടൽ അരേ വേർതിരിക്കാൻ വയ്യാത്ത അവസ്ഥയിലെത്തിച്ചു.

അന്നത്തെ അവരുടെ ആ സാഹചര്യത്തിൽ രമണി ഗർഭിണിയായിഎന്നത് എല്ലാവർക്കും അത്ഭുതമുളവാക്കിയ കാര്യമാണ്. ഈപ്പൻ നാലഞ്ചു പേർ താമസിക്കുന്നിടത്ത് അവരുടെ കൂടെ ഒന്നിച്ചായിരുന്നു താമസം. രമണിയും അതുപോലെ ആങ്ങളയുടേയും കുടുംബത്തിന്റേയും കൂടെ. അവർക്ക് ഒന്നിച്ച് രമിക്കാൻ പറ്റിയ സ്ഥലമെങ്ങുമില്ലായിരുന്നു. ഇതിനിടയ്ക്ക് രമണിയുടെ ആങ്ങളയും കുടുംബവും ഒരു മാസത്തെ അവധിയ്ക്ക് കേരളത്തിൽ പോയി. ഈ സമയം ഈപ്പൻ രമണിയുടെ കൂടെ താമസമായി. എന്തായാലും രമണിയുടെ ആങ്ങളയും കുടുംബവും മടങ്ങി വന്നപ്പോഴേക്കും രമണി ഗർഭിണിയായി. രമണിയുടെ ആങ്ങളയുടെ അടുക്കൽ ഈപ്പൻ തന്നെയാണ് അവളെ വിവാഹം ചെയ്തു കൊള്ളാമെന്നും അവൾ ഗർഭിണിയാണെന്നുമുള്ള വിവരമെല്ലാം പറഞ്ഞത്. നാട്ടിൽ പോയി വിവാഹ ചെയ്യാൻ ഈപ്പന്റെ വീട്ടുകാർക്ക് ഇഷ്ടമില്ലാത്ത കാര്യമാണ്. അവർ രണ്ടു പേരും അവരുടെ കുടുംബവുമെല്ലാം ഓർത്ത്ഡോക്സ്കാരാണെങ്കിലും രമണിയുടെ വീട്ടുകാർ വളരെ ദരിദ്രരരാണെന്നതാണ് കാരണം. കൂടാതെ ഈപ്പന് രമണിയേക്കാൾ നല്ല പെണ്ണിനെ കിട്ടുമെന്നും, സ്ത്രീധനകാര്യവുമെല്ലാമായപ്പോൾ നാട്ടിൽ പോയി കാര്യങ്ങൾ നടക്കത്തില്ല. രമണിയുടെ ആങ്ങളയും കുടുംബവും ഇപ്പോൾ നാട്ടിൽ പോയിട്ട് വന്നതുകൊണ്ട് ഉടനെ നാട്ടിൽ പോകാനും ഈ വിവാഹം നടത്താനുമുള്ള സാഹചര്യമില്ല. പിന്നെ അവിടെ ബോംബെയിലെ പള്ളിയിൽ വെച്ചു തന്നെ ആയിക്കളയാമെന്ന് തീരുമാനിച്ചു. രമണിയുടെ ഇപ്പോഴത്തെ അവസ്ഥയിൽ ഉടനെ തന്നെ നടത്താനും നിബന്ധിതരായി. ചെറുക്കനും പെണ്ണും ഈപ്പന്റെ രണ്ടു കൂട്ടുകാരും രമണിയുടെ ആങ്ങളയും കുടുംബവും ഇത്രയും പേരാണ് വിവാഹത്തിന് ഉണ്ടായിരുന്നത്. വിവാഹം കഴിഞ്ഞ് എല്ലാവരും കൂടെ ഒരു റസ്റ്റൊറന്റിൽ കൂടി ഭക്ഷണവും കഴിഞ്ഞ് പിരിഞ്ഞു. ആ ഭക്ഷണ ചെലവെല്ലാം കൂട്ടുകാരാണ് കൈകാര്യം ചെയ്തത്. ആർഭാടമല്ലാത്ത വിവാഹമായിരുന്നിട്ടും ചെറുക്കനും പെണ്ണിനും യാതൊരു കുൺഠിതവുമുണ്ടായിരുന്നില്ല. അവരുടെ രണ്ടു പേരുടേയും ഇടയിൽ ആത്മാർത്ഥമായ സ്നേഹമുണ്ടായിരുന്നു. വിവാഹം കഴിഞ്ഞതോടെ ഈപ്പനും രമണിയുടെ കൂടെ അവളുടെ ആങ്ങളയുടെ വീട്ടിൽ കഴിഞ്ഞു. മറ്റു മാർഗ്ഗങ്ങളില്ലായിരുന്നു.

ബോംബെയിൽ ഒരു ഫ്ലാറ്റ് കിട്ടുകയെന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ആകെ കൂടെ രണ്ടു മുറിയുണ്ടായിരുന്നതിൽ ഒന്നിൽ അവളുടെ ആങ്ങളയും ഭാര്യയുമായിരുന്നു. അവരുടെ രണ്ടു മക്കൾ പോലും അവളുടെ കൂടെയായിരുന്നു. എന്നാൽ ഈപ്പനും അങ്ങോട്ടു താമസം മാറ്റിയതൊടെ മക്കളും അമ്മയപ്പന്മാരുടെ കൂടെയായി. അവർക്കാർക്കും അതിൽ യാതൊരു പരാതിയോ പരിഭവമോ ഇല്ലായിരുന്നു.

ഈപ്പന്റേയും രമണിയുടേയും ഭവനത്തിൽ ആദ്യമായിട്ടാണ് ഒരു മെത്രാച്ചൻ വരുന്നത്. ആ വിവരം കേട്ടപ്പോൾ മുതൽ അവരെല്ലാവരും മെത്രാച്ചനെ സ്വീകരിക്കാൻ രാപകലില്ലാതെ അദ്ധ്വാനിച്ചു. രാത്രി പത്തു മണിയായിട്ടും അദ്ദേഹത്തെ കാണാതായപ്പോൾ, അന്വേഷിച്ചപ്പോൾ അറിഞ്ഞത് അദ്ദേഹം വേറെ ഏതോ പണക്കാരുടെ വീട്ടിൽ നിന്നും ഭക്ഷണം കഴിച്ചെന്നും മറ്റുമായിരുന്നു. വിവരം കേട്ടതും ഈപ്പച്ചൻ ബോധംകെട്ടു വീണതും മരിച്ചതും പെട്ടെന്നായിരുന്നു. അയാളെക്കൊണ്ട് താങ്ങാൻ പറ്റാത്ത ഒരാഘാതമായിരുന്നു. ആ കുടുംബത്തിന് ഒരാശ്വാസം പകരാൻ ആരുമില്ലവിടെ.